# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2001-2002 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 53760/-രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.2096/2016/തസ്വഭവ. തിരുവനന്തപുരം, തീയതി:08/07/2016

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 01/12/2015-ലെ എം3-37395/15 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 20/04/2016-ലെ KSA 299/പിറ്റി2/2016 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2001-2002 വർഷങ്ങളിലെആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4 പ്രകാരം പഞ്ചായത്തിലെ അധികജോലിഭാരം ലഘൂകരിക്കുന്നതിന് നിയമിച്ച താൽക്കാലിക ജീവനക്കാരന് ദിവസവേതനം നൽകുന്നതിനായി,സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പരിധികവിഞ്ഞ് അധികം ചെലവുചെയ്ത 53,760/-രൂപ (അമ്പത്തി മൂന്നായിരത്തി എഴുന്നൂറ്റി അറുപത് രൂപ മാത്രം) ആഡിറ്റ് നിരാകരിക്കുകയും പ്രസ്തുത തുക സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുകയും ചെയ്തിരുന്നു.

ടി വിഷയത്തിൽ സർക്കാർ സാധൂകരണം നൽകുന്നതിനായി 11/06/2015 ലെ 7(1)-ാം നമ്പർ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം, ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ്, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ തീരുമാനം എന്നിവ സഹിതം ഗ്രാമപഞ്ചായത്ത് പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ടി വിഷയത്തിൽ പരാമർശം (2)പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്തിന്റെ വിശദീകരണം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ, പഞ്ചായത്ത് ഡയരക്ടരുടെ ശുപാർശ എന്നിവയുടെ

അടിസ്ഥാനത്തിൽ ഖണ്ഡിക 3-4 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ ചെലവിന് സർക്കാർ സാധൂകരണം നല്കുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനം എടുക്കാവുന്നതാണ് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ഖണ്ഡിക 3-4 പ്രകാരം ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന പ്രകാരം തുക ചെലവഴിക്കേണ്ടിവന്ന സാഹചര്യം പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പരാമർശിത കാലയളവിൽ പഞ്ചായത്തിലെ ക്ലാർക്ക് തസ്തികകൾ ഒഴിഞ്ഞിരിക്കുന്നതിനാലും പഞ്ചായത്തിലെ അധികജോലിഭാരം ലഘൂകരിക്കുന്നതിനായി, താൽക്കാലിക ജീവനക്കാരന് ദിവസവേതനം നൽകി നിയമിക്കുന്നത് അനിവാര്യമാണെന്ന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതിന്റെയും അടിസ്ഥാനത്തിലാണ് പരാമർശിത ചെലവ് നടത്തിയിട്ടുള്ളത് എന്ന് പഞ്ചായത്ത് വ്യക്തമാക്കിയിട്ടുണ്ട്.ജനകീയാസൂത്രണപദ്ധതിയുടെ ആദ്യകാലഘട്ടങ്ങളിൽ പഞ്ചായത്തിൽ ആവശ്യത്തിന് ജീവനക്കാരുടെ അഭാവമുണ്ടായിരുന്നു എന്ന വസ്തുത പരിഗണിച്ചും കാലപ്പഴക്കം പരിഗണിച്ചും പഞ്ചായത്തിന്റെ വിശദീകരണം പരിഗണിച്ചും കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിന്റെ 2001-2002 വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-4 പ്രകാരം ആഡിറ്റ് തടസ്സപ്പെടുത്തിയ 53760/- രൂപയ്ക്ക് (അമ്പത്തി മൂന്നായിരത്തി എഴുന്നൂറ്റി അറുപത് രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു.എ.ടി
അണ്ടർ സെക്രട്ടറി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ, കോട്ടയം
സെക്രട്ടറി, കടനാട് ഗ്രാമപഞ്ചായത്ത്, കോട്ടയം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ്&ന്യൂ മീഡിയ,പബ്ലിക് റിലേഷൻ വകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ